## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 1875 04-10-2011 ൽ മറുപടിക്ക്**

### ചന്ദനതൈല ഉൽപ്പാദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| എ) | മറയൂരിലെ സർക്കാർ ചന്ദന ഫാക്ടറിയിൽ ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ; പ്രതിദിനം എത്ര ചന്ദനതൈലം ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; | എ) | ഉണ്ട്. പ്രതിദിനം 1.095 കിലോഗ്രാം ചന്ദനതൈലം ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | ഉല്പാദിപ്പിച്ച ചന്ദനതൈലം ഏതെല്ലാം നിലയിലാണ് വിപണനം നടത്താനുദ്ദേശിക്കുന്നത്; ഏതെല്ലാം സ്ഥാപനങ്ങളെ അതിനായി തെരഞ്ഞെടുത്തിട്ടുണ്ട്; വില നിർണ്ണയിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | ബി) | ഉൽപ്പാദിപ്പിച്ച ചന്ദനതൈലം മുൻകൂർ നിശ്ചയിച്ച വിലയ്ക്ക്, നിശ്ചിത അളവുകളിലുള്ള കണ്ടെയ്നറുകളിലും അല്ലാതെയും വിപണനം നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യയ്ക്കകത്തുനിന്നും വിദേശത്തുനിന്നും ധാരാളം ആവശ്യക്കാർ കേരള വനം വികസന കോർപ്പറേഷനെ സമീപിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ഒരു സ്ഥാപനത്തേയും തിരഞ്ഞെടുത്തിട്ടില്ല. കണ്ടെയ്നറുകളിലുള്ള ചില്ലറ വിൽപ്പനയ്ക്ക് 5 ഗ്രാമിന് 1500 രൂപയും (MRP) 10 ഗ്രാമിന് 3000 രൂപയുമാണ് (MRP) നികുതിയും കമ്മീഷനും ഉൾപ്പെടെ വില നിശ്ചയിച്ചിട്ടുള്ളത്. കണ്ടെയ്നറുകളിൽ അല്ലാതെയുള്ള |

.........2

| | | | |
|---|---|---|---|
| | | | വില്പനയ്ക്ക് നികുതിയും കമ്മീഷനും കൂടാതെ കിലോയ്ക്ക് 2 ലക്ഷം രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളത്. |
| സി) | പ്രതിവർഷം എത്ര ടൺ ചന്ദനം ഇവിടെ സംസ്കരിക്കാൻ സാധ്യമാകുമെന്ന് വ്യക്തമാക്കുമോ; | സി) | പ്രതിവർഷം 10 ടൺ ചന്ദനം സംസ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) | പ്രസ്തുത ഫാക്ടറിയിൽ എത്ര ജീവനക്കാരെ ഏതെല്ലാം വ്യവസ്ഥയിൽ നിയമിക്കും; വിശദാംശം വെളിപ്പെടുത്തുമോ ? | ഡി) | 3-8-2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) 48/2010/വനം പ്രകാരം ഒരു അനലിറ്റിക്കൽ കെമിസ്റ്റ് , ഒരു അക്കൗണ്ടന്റ് -കം-ക്ലർക്ക് , ഒരു സ്റ്റോർ കീപ്പർ-കം-ക്ലർക്ക്, ഒരു ഡിസ്റ്റിലർ എന്നീ തസ്തികകൾ നിശ്ചിത മാസ വേതന അടിസ്ഥാനത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ കേരള വനം വികസന കോർപ്പറേഷനിലെ ജീവനക്കാരുടേയും തൊഴിലാളികളുടേയും സേവനവും ആവശ്യമനുസരിച്ച് ഉപയോഗപ്പെടുത്തും. |

സെക്ഷൻ ഓഫീസർ